**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 845** **25.01.2018-ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഇടയിലെ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം**

**ചോദ്യം**
**ശ്രീ.അടൂർ പ്രകാശ്**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഇടയിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് അവരെ ബോധവത്കരിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; | എ) | പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ലഹരി ഉപയോഗത്തിന്റെ ദൂഷ്യ വശങ്ങളെക്കുറിച്ച് ബോധവത്കരിക്കുന്നതിനായി ആരോഗ്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പി.എച്ച്.സി, സി.എച്ച്.സി മുഖേന കോളനികൾ സന്ദർശിച്ച ബോധവത്കരണ ക്ലാസുകളും, വൈദ്യപരിശോധനയും നൽകി വരുന്നുണ്ട്. പട്ടികവർഗ്ഗ കോളനികളിൽ പുറത്ത് നിന്നുള്ള ആളുകൾ പ്രവേശിച്ച് മദ്യം, മയക്കമരുന്ന് മുതലായ ലഹരി വസ്തുക്കൾ വിതരണം ചെയ്യുന്നതും, അമിത മദ്യപാനം, വ്യാജവാറ്റ് എന്നിവ തടയുന്നതിനും, ഇവക്കെതിരെ ബോധവത്ക്കരണം നടത്തുന്നതിനുമായി സ്ഥിരം മോണിറ്ററിംഗ് സമിതി, ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ തലത്തിലും, ബന്ധപ്പെട്ട വാർഡ് മെമ്പർ ചെയർമാനായി കോളനിതലത്തിലും രൂപീകരിച്ചിട്ടുണ്ട്. ടി സമിതിയിൽ പോലീസ്, എക്സൈസ് വകുപ്പുകളുടെ പ്രതിനിധികളും അംഗങ്ങളാണ്. |

| | | | |
|---|---|---|---|
| | | | കൂടാതെ എസ്.ടി പ്രൊമോട്ടർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ, സന്നദ്ധ സംഘടനകൾ എന്നിവ മുഖേനയും കോളനികളിൽ ബോധവത്കരണം നടത്തി വരുന്നുണ്ട്. ജനമൈത്രി പോലീസ്, എക്സൈസ് തുടങ്ങിയവയുടെ നേതൃത്വത്തിൽ പ്രത്യേക ബോധവത്ക്കരണ പരിപാടികളും നടത്താറുണ്ട്. മദ്യപാനത്തിനടിമപ്പെട്ട കുട്ടികളെ കണ്ടെത്തുന്നതിനും അവർക്ക് മെഡിക്കൽ കൗൺസിലിംഗ് നടപ്പാക്കുന്നതിനും എസ്.ടി പ്രൊമോട്ടർ മുഖേന നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| ബി) | 2017-ൽ എത്ര ഊരുകളിൽ ബോധവത്കരണ ക്ലാസ്സുകളും മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിച്ചു; | ബി) | 2017-ൽ സംസ്ഥാനത്താകമാനം പട്ടികവർഗ്ഗ ഊരുകളിൽ 231 ബോധവത്ക്കരണ ക്ലാസുകളും, 530 മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിച്ചിട്ടുണ്ട്. |
| സി) | ഇതിലൂടെ മദ്യത്തിന്റെയും മറ്റ് ലഹരി ഉല്പന്നങ്ങളുടെയും ഉപഭോഗത്തിൽ കുറവ് വന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | സി) | ഉണ്ട്. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ മദ്യപാനത്തിന്റെയും, ലഹരി ഉപയോഗത്തിന്റെയും ദൂഷ്യവശങ്ങളെ സംബന്ധിച്ചും ടി കാരണത്താൽ ആരോഗ്യ രംഗത്ത് അനുഭവിക്കുന്ന മോശം അവസ്ഥയെ സംബന്ധിച്ചും വിവിധോന്മുഖമായ ബോധവത്കരണ പ്രവർത്തനങ്ങൾ നിരന്തരമായി നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഇവയുടെ ഉപയോഗം പട്ടികവർഗ്ഗക്കാർക്കിടയിൽ കുറവ് വന്നിട്ടുള്ളതായികണ്ടെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ